# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 849** **28.04.2017-ൽ മറുപടിക്ക്**

**തുരുത്തി - കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.കെ. വിജയൻ** | **ശ്രീ. ജി. സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) നാദാപുരം മണ്ഡലത്തിൽ 2016 - 17 ബജറ്റിൽ അനുവദിച്ച കണ്ണൂർ കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന തുരുത്തി - കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;<br><br>(ബി) ഇതോടനുബന്ധിച്ച് അനുവദിച്ച് ബജറ്റിൽ ഉൾപ്പെടുത്തിയ കരിയാട്-തുരുത്തിമുക്ക് പാലത്തിന്റെ നിർമാണ പുരോഗതി വിശദമാക്കാമോ ; | (എ) & (ബി) നാദാപുരം മണ്ഡലത്തിലെ തുരുത്തി-കരിയാട് പാലവും ഇതോടൊപ്പം ബജറ്റിൽ അനുവദിച്ച കരിയാട് - തുരുത്തി മുക്ക് പാലവും കൂടി സംയോജിപ്പിച്ച് '0' (സീറോ) ആകൃതിയിൽ ഒറ്റ പാലമായി നിർമ്മിക്കുവാനുള്ള തീരുമാനം ബന്ധപ്പെട്ട എം.എൽ.എ.മാരുടെ സാന്നിധ്യത്തിൽ ഉണ്ടാവുകയും ആയതനുസരിച്ച് ഇവ രണ്ടും സംയോജിപ്പിച്ചുള്ള പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി KIIFB യിൽ ഉൾപ്പെടുത്തി 11.02.2017-ന് ടെണ്ടർ ചെയ്ത് M/s. Safe Matrix Architectural and Engineering Consultant India (P) Ltd. മൂവാറ്റുപുഴക്ക് കരാർ അംഗീകരിച്ച് നൽകുകയുമുണ്ടായി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്. |
| (സി) ഏത് ജില്ലയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് ഇവ രണ്ടിന്റേയും ചുമതല നൽകിയത് എന്നറിയിക്കാമോ? | (സി) പൊതുമരാമത്ത് വകുപ്പ് കണ്ണൂർ ജില്ല റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് ഇവ രണ്ടിന്റെയും ചുമതല നൽകിയിട്ടുള്ളത്. |

S. Bindu

സെക്ഷൻ ഓഫീസർ